**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21. 28.01.2019 ൽ മറുപടിക്ക്

**സർക്കാർ ഓഫീസുകളിൽ ഓൺലൈൻ സേവനം**

**ചോദ്യം** **മറുപടി**

| ശ്രീ.എം. സ്വരാജ് : | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ നൽകുന്ന മുഴുവൻ സേവനങ്ങളും ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന പരമാവധി സേവനങ്ങളും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ അതിവേഗം ജനങ്ങളിലെത്തിക്കുന്നതിനായി സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (SSDG), ഇ-ഡിസ്ട്രിക്ട്, എം-കേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാധാരണ പൗരന് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതികൾ ഉപയോഗപ്രദമാകുന്നു. നവീകരിച്ച കേരള സംസ്ഥാന വെബ്പോർട്ടൽ (www.kerala.gov.in) വഴി വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിലൂടെ വൈദ്യുതി ബില്ല്, |
| (ബി) | ഉണ്ടെങ്കിൽ ഈ നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | വെള്ളക്കരം, വിവിധ നികുതികൾ, യൂണിവേഴ്സിറ്റി ഫീസുകൾ എന്നിവ ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് സൗകര്യങ്ങൾ ഉപയോഗിച്ച് അടയ്ക്കാവുന്നതാണ്. ജാതി, വരുമാന, നേറ്റിവിറ്റി, ഡോമിസൈൽ തുടങ്ങി വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾക്ക് പുറമേ പുതുതായി നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റും ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ ഉത്തരവുകളും കേരള സർക്കാരിന്റെ വെബ് പോർട്ടലിൽ ലഭ്യമാണ്. വിവിധ സർക്കാർ സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിനായി 'എം-ഗവേണൻസ്' പദ്ധതി പ്രകാരം 'എം-കേരളം' എന്ന മൊബൈൽ ആപ്ലിക്കേഷനും ഉപയോഗക്ഷമ മാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര വകുപ്പുകളാണ് പൂർണ്ണമായും സേവനങ്ങൾ ഓൺലൈനിലൂടെ നൽകുന്ന തെന്ന് അറിയിക്കുമോ? | (സി) | വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങളിൽ ഇലക്ട്രോണിക് ആയി നൽകാവുന്ന സേവനങ്ങൾ മാത്രമേ ഓൺലൈനായി നൽകുവാൻ കഴിയുകയുള്ളൂ. നിലവിൽ വിവിധ വകുപ്പുകളുടെ 109 ഓളം സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ